**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3527** **15-02-2024 - ൽ മറുപടിയ്ക്ക്**

**വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതെന്ന് അറിയിക്കാമോ; | (എ) | വർക്കല ബൈപാസ് നിർമ്മാണം, ഇടവ ROB നിർമ്മാണം, കോസ്റ്റൽ ഹൈവെ വികസനം-റീച്ച് 4, പുന്നമൂട് ROB, ശിവഗിരി തൊട്ടുവേ പാലം - ശിവഗിരി അപ്രോച്ച് റോഡ് എന്നിവയുടെ വികസനത്തിനായി ഭൂമിയേറ്റെടുക്കുന്ന നടപടികൾ വർക്കല മണ്ഡലത്തിൽ നടന്നു വരുന്നു. ആയതിന്റെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1. വർക്കല ബൈപാസ് നിർമ്മാണം<br><br>വർക്കല വില്ലേജിൽ ഉൾപ്പെട്ട 519.1797സെന്റ് സ്ഥലം വർക്കല ബൈപ്പാസ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം റിപ്പോർട്ട് വിലയിരുത്തുന്നതിന് വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2013-ലെ എൽ.എ.ആർ.ആർ നിയമം സബ്സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമിയേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് 21/07/2022-ലെ സ.ഉ.(കൈ) നം. 188/2022/റവ പ്രകാരം സമുചിത സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനവും തുടർന്ന് 19(1) പ്രഖ്യാപനവും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ എൽ.എ കേസുകളിലും വിശദവിലവിവരപട്ടിക അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. നിലവിൽ അവാർഡ് പാസാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2. ഇടവ റെയിൽവേ മേൽപ്പാലം നിർമ്മാണം<br><br>ഇടവ വില്ലേജിൽ ബ്ലോക്ക് നമ്പർ 1-ൽ വിവിധ സർവ്വേ നമ്പരുകളിൽ ഉൾപ്പെടുന്ന 69.99 ആർ ഭൂമി 2013-ലെ |

എൽ.എ.ആർ.ആർ നിയമ പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 4(1) വിജ്ഞാപനം 17/11/2018 ലും 11(1) വിജ്ഞാപനം 28/11/2019 തീയതിയിലും ഭേദഗതി വിജ്ഞാപനം 03/09/2020 തീയതിയിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുനരധിവാസ പുനസ്ഥാപന പാക്കേജ് 30/01/2021 തീയതിയിലും 19(1) പ്രഖ്യാപനം 15/11/2021 തീയതിയിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ആകെയുള്ള 69 എൽ.എ കേസുകളിലും വിശദവിലവിവരപട്ടിക അംഗീകരിച്ച് അവാർഡ് പാസാക്കിയിട്ടുള്ളതാണ്. 51 എൽ.എ കേസുകളിൽ possession ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറിയിട്ടുള്ളതാണ്. 15 എൽ.എ. കേസുകളിൽ കോടതി സ്റ്റേ നിലവിലുള്ളതാണ്.

3. കോസ്റ്റൽ ഹൈവെ വികസനം-റീച്ച് 4

തിരുവനന്തപുരം ജില്ലയിൽ വെട്ടൂർ, ഇടവ, അഞ്ചുതെങ്ങ്, വർക്കല വില്ലേജുകളിൽ ഉൾപ്പെട്ട 11.23 ഹെക്ടർ ഭൂമി കോസ്റ്റൽ ഹൈവെ വികസനവുമായി ബന്ധപ്പെട്ട് ഒന്നാംപാലം മുതൽ കാപ്പിൽ വരെയുള്ള റീച്ച് 4 നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം 21/09/2023-ലെ 3102-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ, സാമൂഹിക പ്രത്യാഘാത പഠനം നടന്നുവരുന്നു.

4. പുന്നമൂട് ROB

വർക്കല വില്ലേജിൽ ഉൾപ്പെട്ട 47.60 ആർ ഭൂമി പുന്നമൂട് ROB നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. ശിവഗിരി തൊട്ടുവേ പാലം - ശിവഗിരി അപ്രോച്ച് റോഡ്

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ വർക്കല വില്ലേജിൽ ഉൾപ്പെട്ട 51 ആർ ഭൂമി ശിവഗിരി തൊട്ടുവേ പാലം - ശിവഗിരി അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകി

| | | | |
|---|---|---|---|
| | | | 04/07/2023-ലെ സ.ഉ(സാധാ) നം.2479/2023/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. കണ്ടിൻജൻസി ചാർജ്ജും, ഏരിയ ലിസ്റ്റും ലഭ്യമാകുന്ന മുറയ്ക്ക് 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (ബി) | വർക്കല ബൈപാസ് നിർമ്മാണം, ഇടവ ROB നിർമ്മാണം, കോസ്റ്റൽ ഹൈവെ വികസനം-റീച്ച് 4, പുന്നമൂട് ROB, ശിവഗിരി തൊട്ടുവേ പാലം - ശിവഗിരി അപ്രോച്ച് റോഡ് എന്നിവയുടെ വികസനത്തിനായി ഭൂമിയേറ്റെടുക്കുന്ന നടപടികൾ വർക്കല മണ്ഡലത്തിൽ നടന്നു വരുന്നു. ആയതിന്റെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1. വർക്കല ബൈപാസ് നിർമ്മാണം<br><br>വർക്കല വില്ലേജിൽ ഉൾപ്പെട്ട 519.1797സെന്റ് സ്ഥലം വർക്കല ബൈപ്പാസ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം റിപ്പോർട്ട് വിലയിരുത്തുന്നതിന് വിദഗ്ധ സമിതിയെ രൂപീകരിച്ചിട്ടുള്ളതും സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2013-ലെ എൽ.എ.ആർ.ആർ നിയമം സബ്സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമിയേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് 21/07/2022-ലെ സ.ഉ.(കൈ) നം. 188/2022/റവ പ്രകാരം സമുചിത സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനവും തുടർന്ന് 19(1) പ്രഖ്യാപനവും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ എൽ.എ കേസുകളിലും വിശദവിലവിവരപട്ടിക അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. നിലവിൽ അവാർഡ് പാസാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2. ഇടവ റെയിൽവേ മേൽപ്പാലം നിർമ്മാണം<br><br>ഇടവ വില്ലേജിൽ ബ്ലോക്ക് നമ്പർ 1-ൽ വിവിധ സർവ്വേ നമ്പരുകളിൽ ഉൾപ്പെടുന്ന 69.99 ആർ ഭൂമി 2013-ലെ എൽ.എ.ആർ.ആർ നിയമ പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 4(1) വിജ്ഞാപനം 17/11/2018 ലും 11(1) വിജ്ഞാപനം 28/11/2019 തീയതിയിലും ഭേദഗതി വിജ്ഞാപനം 03/09/2020 തീയതിയിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുനരധിവാസ പുനസ്ഥാപന പാക്കേജ് 30/01/2021 തീയതിയിലും |

| | | | |
|---|---|---|---|
| | | | 19(1) പ്രഖ്യാപനം 15/11/2021 തീയതിയിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ആകെയുള്ള 69 എൽ.എ കേസുകളിലും വിശദവിലവിവരപട്ടിക അംഗീകരിച്ച് അവാർഡ് പാസാക്കിയിട്ടുള്ളതാണ്. 51 എൽ.എ കേസുകളിൽ possession ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറിയിട്ടുള്ളതാണ്. 15 എൽ.എ. കേസുകളിൽ കോടതി സ്റ്റേ നിലവിലുള്ളതാണ്.<br><br>3. കോസ്റ്റൽ ഹൈവെ വികസനം-റീച്ച് 4<br><br>തിരുവനന്തപുരം ജില്ലയിൽ വെട്ടൂർ, ഇടവ, അഞ്ചുതെങ്ങ്, വർക്കല വില്ലേജുകളിൽ ഉൾപ്പെട്ട 11.23 ഹെക്ടർ ഭൂമി കോസ്റ്റൽ ഹൈവെ വികസനവുമായി ബന്ധപ്പെട്ട് ഒന്നാംപാലം മുതൽ കാപ്പിൽ വരെയുള്ള റീച്ച് 4 നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം 21/09/2023-ലെ 3102-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിൽ, സാമൂഹിക പ്രത്യാഘാത പഠനം നടന്നുവരുന്നു.<br><br>4. പുന്നമൂട് ROB<br><br>വർക്കല വില്ലേജിൽ ഉൾപ്പെട്ട 47.60 ആർ ഭൂമി പുന്നമൂട് ROB നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>5. ശിവഗിരി തൊടുവേ പാലം - ശിവഗിരി അപ്രോച്ച് റോഡ്<br><br>തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ വർക്കല വില്ലേജിൽ ഉൾപ്പെട്ട 51 ആർ ഭൂമി ശിവഗിരി തൊടുവേ പാലം - ശിവഗിരി അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതിന് അനുമതി നൽകി 04/07/2023-ലെ സ.ഉ(സാധാ) നം.2479/2023/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. കണ്ടിൻജൻസി ചാർജ്ജും, ഏരിയ ലിസ്റ്റും ലഭ്യമാകുന്ന മുറയ്ക്ക് 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ